LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഴീക്കൽ തുറമുഖം ഉദ്ഘാടനത്തിനുശേഷം മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കുവാൻ കഴിയുന്നുണ്ട്. വാർഷിക വരുമാനം വർദ്ധിച്ചുവരുന്നുണ്ട്. യൂസർ ചാർജ്ജ് കളക്ഷൻ 30 ലക്ഷത്തിൽനിന്നും 38 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ചില സ്വകാര്യ ജെട്ടികളുടെ പ്രവർത്തനംമൂലം പൂർണ്ണതോതിൽ ബോട്ടുകൾ എത്തിച്ചേരുന്നില്ല. സ്വകാര്യ ജെട്ടികളുടെ അനധികൃത പ്രവർത്തനം നിർത്തലാക്കുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അഴീക്കൽ തുറമുഖത്ത് ടെണ്ടർ ചെയ്ത് ഏർപ്പാടാക്കിയ ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ അളവിൽ തർക്കമുന്നയിച്ച് കരാറുകാരൻ കേസ് കൊടുക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരനെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് സ്റ്റേ ചെയ്തിരിക്കുകയുമാണ്. സ്റ്റേ ഒഴിവാക്കി ലഭിക്കുന്നതിനായി പെറ്റീഷനും സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. കോടതി വിധിക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്. കായകളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കായി 75% കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 2918 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് 4-10-2014 -ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി പാലം നിർമ്മാണം

98 (1803) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ കഴിഞ്ഞ വർഷം എത്രകോടി രൂപയുടെ പ്രവൃത്തികൾക്ക് നബാർഡ് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ പ്രവൃത്തികളാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി നടപ്പാലം നിർമ്മിക്കുന്നതിനായി നബാർഡ് RIDF-XVI-ൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചപ്പോൾ സ്ഥലം എം.എൽ.എ. പഞ്ചായത്ത് അധികൃതർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിന് പകരം സിംഗിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കണമെന്ന് അറിയിക്കുകയുമുണ്ടായി. അതനുസരിച്ച് സിംഗിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് നബാർഡിൽനിന്നും അനുമതി ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനായി കഴിഞ്ഞ വർഷം (2014-15) 625.68 ലക്ഷം രൂപ നബാർഡ് RIDF ലോണും 156.42 ലക്ഷം സംസ്ഥാന ഷെയറുമായി ആകെ 782.10 ലക്ഷം രൂപ വരുന്ന 3 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

Sl.No.	Name of Work	Administrative Sanction (₹ in Lakhs)	RIDF Loan
1	Construction of Mullakodi-Nanisseri Parassinikadavu road in Mayyil Panchayath	458.85	367.08
2	Construction of Manikandanchira NH Road Kannukalipalam (Muttel Palam Road)	228.25	182.60
3	Construction of Puthenchira-Porumbakkunnu Pakarappally bridge with approach road in Puthenchira Panchayath	95.00	76.00

മത്സ്യബന്ധന ഇറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

99 (1804) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ൽ പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വിഴിഞ്ഞം, മുതലപ്പൊഴി, ചേറ്റുവ, കൊയിലാണ്ടി, തലായി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന ഇറമുഖങ്ങളിൽ നടന്നുവന്നിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ; വ്യക്തമാക്കാമോ ;